സ്കൂൾ കലോത്സവങ്ങൾ

74 (1150) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ജില്ലാ, സംസ്ഥാന സ്കൂൾ കലോൽസവങ്ങളിൽ അപ്പീൽ അധികാരികൾ ആയി ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കോടതികൾക്കു പുറമേ ജുഡീഷ്യൽ സ്വഭാവമുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങൾക്ക് അപ്പീൽ പരിഗണിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത അപ്പീലുകൾ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഇനങ്ങളിലെ വിദഗ്ദ്ധരുടെ അഭിപ്രായം ആരായാറുണ്ടോ ;

(ഡി) വിദ്യാർത്ഥി പങ്കെടുത്ത ഇനത്തിന്റെ വീഡിയോ റിക്കോർഡ് ചെയ്ത് ആ ഇനത്തിലെ വിദഗ്ദ്ധർ കണ്ടിട്ടാണോ അപ്പീൽ അനുവദിക്കുന്നത് ;

(ഇ) ബാലാവകാശ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും അപ്പീൽ അനുവദിക്കാനുള്ള അധികാരം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന് ആധാരമായ ഉത്തരവിന്റെയോ നിയമത്തിന്റെയോ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) 2014-15 കാലയളവിൽ ബഹു. കോടതികളും ഡി.പി.ഐ.-യും കൂടാതെ മറ്റ് ഏതെല്ലാം വിഭാഗങ്ങൾ അനുവദിച്ച അപ്പീൽ പ്രകാരമാണ് റവന്യൂ ജില്ലാ, സംസ്ഥാന കലോൽസവങ്ങളിൽ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ സാധിച്ചതെന്നും അവ എത്ര എണ്ണം വീതം എന്നും വ്യക്തമാക്കുമോ ;

(ജി) കലോൽസവ മാന്വലിൽ അപ്പീൽ അധികാരികൾ ആരൊക്കെയാണ് എന്നതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; കോടതികളും ഡി.പി.ഐ.-യും അപ്പീൽ അനുവദിക്കുമ്പോൾ അവതരിപ്പിച്ച ഇനം കാണാതെ എന്തടിസ്ഥാനത്തിലാണ് അപ്പീൽ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റവന്യൂ ജില്ലാ, സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ അപ്പീൽ അധികാരികൾ ആയി ചുമതലപ്പെടുത്തിയിരിക്കുന്നവരുടെ വിശദവിവരം അനുബന്ധം (I) ആയി ചേർക്കുന്നു. ഇത് സംബന്ധിച്ച കേരള സ്കൂൾ കലോത്സവ മാന്വലിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം (II)ആയി ചേർക്കുന്നു.*

(ബി) കോടതി ഉൾപ്പെടെ ജുഡീഷ്യൽ സ്വഭാവമുള്ള ഒരു സ്ഥാപനത്തിനും അപ്പീൽ പരിഗണിക്കുന്നതിന് അധികാരം നൽകിയിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അപ്പീൽ കമ്മിറ്റിയിൽ വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടുണ്ട്. അവരുടെ അഭിപ്രായപ്രകാരമാണ് വിദ്യാഭ്യാസ ഉപഡയറക്ടർ റവന്യൂ ജില്ലയിലും സംസ്ഥാന തലത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും അപ്പീലുകൾ അനുവദിക്കുന്നത്.

(ഡി) ആവശ്യമെങ്കിൽ വീഡിയോ റിക്കോർഡ് ചെയ്ത് വിദഗ്ധർ കണ്ടിട്ടാണ് അപ്പീൽ അനുവദിക്കുന്നത്.

(ഇ) അധികാരം നൽകിയിട്ടില്ല.

(എഫ്) റവന്യൂ, ജില്ലാ, സംസ്ഥാന കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് ഡി.പി.ഐ. അപ്പീൽ അനുവദിക്കാറില്ല. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്നതിന് അനുവദിച്ച അപ്പീലുകളുടെ വിവരം താഴെ വിശദമാക്കുന്നു:

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അനുവദിച്ച അപ്പീലുകൾ	-974
2. ബഹുമാനപ്പെട്ട ഹൈക്കോടതി അനുവദിച്ച അപ്പീലുകൾ	-23
3. കീഴ്കോടതികൾ അനുവദിച്ച അപ്പീലുകൾ	-9
4. ലോകായുക്ത അനുവദിച്ച അപ്പീലുകൾ	-160
5. മുൻസിഫ് കോടതി അനുവദിച്ച അപ്പീലുകൾ	-152
6. ബാലാവകാശ കമ്മീഷൻ അനുവദിച്ച അപ്പീലുകൾ	-121
7. ചൈൽഡ് വെൽഫയർ കമ്മിറ്റി വയനാട് അനുവദിച്ച അപ്പീലുകൾ	- 6
ആകെ	1445

(ജി) കലോത്സവ മാന്വലിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് അനുബന്ധം (II) ആയി ചേർക്കുന്നു. സംസ്ഥാനതല മത്സരത്തിൽ ഡി.പി.ഐ. അപ്പീൽ അനുവദിക്കുമ്പോൾ അവതരിപ്പിച്ച ഇനം ആവശ്യമെങ്കിൽ വീഡിയോ റിക്കോർഡിംഗ് പരിശോധിക്കാറുണ്ട്. കോടതികൾ അപ്പീൽ അനുവദിക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡം സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല.

വീയപുരം, തലവടി ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം

75 (1151) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്ലസ് ടു അനുവദിച്ച വീയപുരം ഗവൺമെന്റ് ഹൈസ്കൂളിന് കെട്ടിടനിർമ്മാണഫണ്ട് അനുവദിക്കുന്ന വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഫണ്ട് അനുവദിച്ച തലവടി ഹയർസെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly